**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 270** — **22-02-2022 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നു വാങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,**<br>**ശ്രീ. അനൂപ് ജേക്കബ് ,**<br>**ശ്രീ. പി. ജെ. ജോസഫ്,**<br>**ശ്രീ. മാണി. സി. കാപ്പൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നടത്തിയ പർച്ചേസുകളുമായി ബന്ധപ്പെട്ട് ധനകാര്യ (ഇൻസ്പെക്ഷൻ) വിഭാഗത്തിന്റെ പരിശോധന നടന്നുവരികയാണ്. |
| (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങുന്നതിനും മറ്റ് എല്ലാ ഇടപാടുകൾക്കും സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ നടപടിക്രമങ്ങൾ, കമ്പനികളുമായിട്ടുള്ള നെഗോസിയേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കിയാണ് സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും കോർപ്പറേഷൻ വാങ്ങുന്നത്. കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ മരുന്നുകൾ വാങ്ങുന്നത് 19.06.2012 ലെ സ.ഉ (കൈ) നം. 186/2012/ ആ.കു.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരുന്നു കമ്പനികളുമായി നെഗോസിയേഷൻ പൂർത്തീകരിച്ചതിനു ശേഷമാണ്. |
| (സി) | കോവിഡ് കാലഘട്ടത്തിൽ വാങ്ങിയ മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോയെന്നും ഇവ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (സി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഓരോ വർഷവും സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 30% ൽ കുറയാതെ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ കോവിഡ്-19 പ്രതിരോധിക്കുന്നതിനായി വാങ്ങിയ എല്ലാ മെഡിക്കൽ ഉപകരണങ്ങളും ഗുണനിലവാര സമിതി പരിശോധിച്ചവയാണ്. 2020-21 കാലയളവിൽ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങിയതിന്റെ ഓഡിറ്റ് നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ